263.

എം.ഐ.റ്റി2-26814/2015/റ്റി.സി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
മൂന്നാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in]

തീയ്യതി, 06-01.2016

പ്രേഷകൻ
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്
എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം: മോ.വാ.വ — സംസ്ഥാനത്തെ എല്ലാ ആർ.ടി/സബ് ആർ.ടി ഓഫീസുകളിൽ ഇ-സേവാ കേന്ദ്രം തുടങ്ങുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നു.

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

മോട്ടോർ വാഹന വകുപ്പിന്റെ ഭൂരിഭാഗം സർവ്വീസുകളും ഇപ്പോൾ ഓൺലൈൻ ആക്കിയിട്ടുണ്ട്. എന്നിരുന്നാലും മോട്ടോർ വാഹന വകുപ്പിന്റെ ഉപഭോക്താക്കളിൽ കൂടുതൽ പേർക്കും ഓൺലൈനിൽ ഫീസ്, ടാക്സ് എന്നിവ ഒടുക്കുന്നതിനും അപേക്ഷകൾ പൂരിപ്പിച്ച് സമർപ്പിക്കുന്നതിനുമുള്ള സംവിധാനം സ്വായത്തമല്ല. അതിനു വേണ്ടി അവർ ഇടനിലക്കാരെയോ മറ്റു കേന്ദ്രങ്ങളെയോ ആശ്രയിക്കുകയാണ് പതിവ്.

ഈ സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ജനകീയവുമാക്കുന്നതിന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഇ-സേവാ കേന്ദ്രങ്ങൾ 2016 ഫെബ്രുവരി ഒന്നു മുതൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

കംപ്യൂട്ടർ സാക്ഷരതയില്ലാത്ത സാധാരണക്കാരെ സഹായിക്കുന്നതിനു വേണ്ടിയാണ് ഇത്തരം ഇ-സേവാ കേന്ദ്രങ്ങൾ തുടങ്ങുന്നത്. ഓൺലൈൻ സേവനത്തിനായി മദ്ധ്യവർത്തികളെ സമീപിക്കുമ്പോൾ സ്വാഭാവികമായും ഉപഭോക്താക്കൾ ചൂഷണത്തിനു വിധേയരാകുന്നു. ഇത്തരം ചൂഷണം ഒഴിവാക്കുവാനായി മോട്ടോർ വാഹന വകുപ്പിന്റെ നിയന്ത്രണത്തിൽ തന്നെ കുടുംബശ്രീയുടെ സഹായത്തോടെ അപേക്ഷകർക്ക് ഓൺലൈനിൽ അപേക്ഷകൾ തയ്യാറാക്കുന്നതിനും ഇ-പേയ്മെന്റ് നടത്തുന്നതിനുമുള്ള സൗകര്യം ഇത്തരം കേന്ദ്രങ്ങളിൽ ലഭ്യമാക്കണം.

ആയതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ (SOP - Standard Operating Procedure) പാലിക്കേണ്ടതാണ്.

1. ഇ-സേവാ കേന്ദ്രങ്ങളുടെ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്തം അതാത് ആർ.ടി.ഓ/ ജോയിന്റ് ആർ.ടി.ഓമാർക്കാണ്. ഇവയുടെ നടത്തിപ്പിനായി രണ്ട്/മൂന്ന് കുടുംബശ്രീ അംഗങ്ങളെ നിയമിക്കേണ്ടതാണ്.
2. ഇതിന്റെ സാമ്പത്തിക ചെലവുകൾ മോട്ടോർ വാഹന വകുപ്പിന്റെ നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരം ചെയ്യേണ്ടതാണ്.
3. ഇതിന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും പബ്ലിക് റിലേഷൻ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്.
4. ആർ.ടി/ സബ് ആർ.ടി ഓഫീസുകളുടെ വരാന്തയിലോ അതുപോലെ ഓഫീസിനോട് ചേർന്നുള്ള അനുയോജ്യമായ സ്ഥലത്തോ 150 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ക്യാബിനുകൾ സ്ഥാപിക്കേണ്ടതാണ്.
5. ഇതിന്റെ സുഗമമായ നടത്തിപ്പിന് 2 കംപ്യൂട്ടർ, പ്രിന്റർ, സ്കാനർ, ഫോട്ടോ കോപ്പിയർ, ഫാക്സ് മെഷീൻ, ഇന്റർനെറ്റ് സംവിധാനം എന്നിവ നൽകേണ്ടതാണ്.
6. ഇ-സേവാ കേന്ദ്രങ്ങളുടെ പ്രവർത്തനം രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണി വരെ ആയി നിജപ്പെടുത്തേണ്ടതാണ്.
7. ഇടനിലക്കാർക്ക് ഇ-സേവാ കേന്ദ്രങ്ങളിൽ നിന്നും സേവനങ്ങൾ ലഭ്യമാക്കുവാൻ പാടുള്ളതല്ല.

**സേവനങ്ങൾ**

1. ഓഫീസിൽ സമർപ്പിക്കേണ്ടതായ ഫീസ്, ടാക്സ് തുടങ്ങിയവ ക്യാഷ് ആയി ഇ-സേവാ കേന്ദ്രങ്ങളിൽ സ്വീകരിച്ച് അവ ഓൺലൈനിൽ സമർപ്പിക്കേണ്ടതാണ്.
2. അപേക്ഷകൾ ഡൗൺലോഡ് ചെയ്യുക, പൂരിപ്പിക്കുക, ക്രമീകരിക്കുക, സമർപ്പിക്കുക തുടങ്ങി മോട്ടോർ വാഹന വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ ഇ-സേവാ കേന്ദ്രങ്ങളിൽ ലഭ്യമാക്കേണ്ടതാണ്.
3. ഫോട്ടോസ്റ്റാറ്റ്, ഫാക്സ്, സ്കാനിങ്, പ്രിന്റിംഗ് തുടങ്ങി വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ കാര്യങ്ങളും ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കേണ്ടതാണ്.

4. പൂർണ്ണമായി ക്രമീകരിക്കപ്പെട്ട് ഓഫീസിൽ സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഫാസ്റ്റ് ട്രാക്ക് സേവനം കഴിഞ്ഞാലുള്ള മുന്തിയ പരിഗണന ആർ.ടി.ഓ/ജോയിന്റ് ആർ.ടി.ഓമാർ ഈ-സേവാ കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകൾക്ക് നൽകേണ്ടതാണ്.

ഇ-സേവാ കേന്ദ്രത്തിന്റെ ലോഗോ **MVD e-സേവാ** എന്നായിരിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും ഇ-സേവാ കേന്ദ്രങ്ങൾ സ്ഥാപിച്ചു കഴിഞ്ഞാലുടനെ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

1/16

ടോമിൻ ജെ. തച്ചങ്കരി ഐ.പി.എസ്
ട്രാൻസ്പോർട്ട് കമ്മീഷണർ

പകർപ്പ് :- ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി, എസ്.ടി.എ; ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), സീനിയർ ഡി.റ്റി.സി (ട്രാക്ലേഷൻ), സീനിയർ എ.ഓ, സീനിയർ എൽ.ഓ, സീനിയർ എഫ്.ഓ.